⇨ *തൊഴിൽസേനയിൽ ഏകദേശം 90 ശതമാനവും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്* ⇨

**ഇന്ത്യൻ** സമൂഹത്തിലും നമ്മുടെ ഭരണവ്യവസ്ഥയിലും ഉറച്ചുപോയ ഒരുപാട് അസമത്വങ്ങളെ തുറന്നുകാണിച്ച ഒരു നാളുകൾ കൂടിയാണ് കോവിഡ് കാലം. അസംഘടിത മേഖലയിലെ തൊഴിലാളികളും പാർശ്വവത്കൃത സമൂഹങ്ങളും കാലാകാലങ്ങളായി അഭിമുഖീകരിക്കുന്ന അനീതികളെ കോവിഡ് പ്രതിസന്ധി അതിരൂക്ഷമാക്കിത്തീർത്തു. ലോകത്ത് ഇന്ന് ആധിപത്യം പുലർത്തുന്ന വികസന ചിന്തകളും അതിന് ആധാരമായ സാമ്പത്തികനയങ്ങളും കോവിഡ് മഹാമാരിയുടെ ദുരന്തവ്യാപ്തി കൂട്ടുന്നതായാണ് കാണാൻ കഴിയുന്നത്. കൂടുതൽ വ്യക്തതയോടെ തുറന്നുകാണിക്കപ്പെടുന്ന ഈ അപര്യാപ്തതകളോട് ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയുന്ന ഒരു ജനാധിപത്യ ഭരണസംവിധാനം പോലും നമുക്ക് അന്യമായിരിക്കുന്നു. അതേസമയം മഹാമാരി സൃഷ്ടിച്ചിരിക്കുന്ന നിശ്ചലതകളെയും നിസ്സഹായതകളെയും മറികടക്കാൻ കഴിയുന്ന നൂറ് കണക്കിന് ബദൽ പരീക്ഷണങ്ങൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും വിവിധ സിവിൽ സമൂഹ ഗ്രൂപ്പുകളുടെ മുൻകൈയിൽ നടക്കുന്നുണ്ട്. കോവിഡ് കാലത്ത് നമ്മൾ അനുഭവിക്കുന്ന പല

# സാധാരണ ജനങ്ങളുടെ അസാധാരണ പ്രവർത്തികൾ

മഹാമാരി സൃഷ്ടിച്ചിരിക്കുന്ന നിശ്ചലതകളെയും നിസ്സഹായതകളെയും മറികടക്കാൻ കഴിയുന്ന നൂറ് കണക്കിന് ബദൽ പരീക്ഷണങ്ങൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും വിവിധ സിവിൽ സമൂഹ ഗ്രൂപ്പുകളുടെ മുൻകൈയിൽ നടക്കുന്നുണ്ട്. വിവിധ ജനസമൂഹങ്ങളും പൗരസമൂഹ പ്രസ്ഥാനങ്ങളും സർക്കാർ ഏജൻസികളും എല്ലാം ചേർന്ന് യാഥാർത്ഥ്യമാക്കുന്ന ബദലുകളുടെ വിജയകഥകൾ കോർത്തിണക്കിക്കൊണ്ട് വികൽപ്പ് സംഗം പ്രസിദ്ധീകരിച്ച 'സാധാരണ ജനങ്ങളുടെ അസാധാരണ പ്രവർത്തികൾ' എന്ന ലഘുലേഖയുടെ പ്രസക്തഭാഗങ്ങൾ.

**വികൽപ്പ് സംഗം**

ദുരിതങ്ങളുടെയും പരിഹാരങ്ങൾ ആ പരീക്ഷണങ്ങളിൽ കാണാൻ കഴിയും. അത്തരം നിർമ്മാണാത്മക ബദലുകളെ ഏറെക്കാലമായി ഡോക്യുമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് 'വികൽപ്പ് സംഗം'. വിവിധ ജനസമൂഹങ്ങളും പൗരസമൂഹ പ്രസ്ഥാനങ്ങളും സർക്കാർ ഏജൻസികളും എല്ലാം ചേർന്ന് യാഥാർത്ഥ്യമാക്കുന്ന ബദൽ പരീക്ഷണങ്ങളുടെ വിജയകഥകൾ കോർത്തിണക്കിക്കൊണ്ട് വികൽപ്പ് സംഗം പ്രസിദ്ധീകരിച്ച 'സാധാരണ ജനങ്ങളുടെ അസാധാരണ പ്രവർത്തികൾ' എന്ന ലഘുലേഖയുടെ പ്രസക്തഭാഗങ്ങൾ ബദൽ അന്വേഷണങ്ങളുടെ ശക്തിപ്പെടലിനായി കേരളീയം വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്.

2020 മാർച്ച് മാസത്തിനു ശേഷം കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ഇന്ത്യയിലെ ദശലക്ഷക്കണക്കിനു ജനങ്ങളെ കഷ്ടത്തിലാക്കിയിരിക്കുന്നു. രാജ്യത്തെ തൊഴിൽസേനയിൽ ഏകദേശം 90 ശതമാനവും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്; ഔപചാരികമായ തൊഴിൽ സൗകര്യങ്ങൾ അവർക്കില്ല. അതേപോലെതന്നെ പ്രാഥമികവും ദ്വിതീയവുമായ ഉത്പാദനരംഗങ്ങളിലെ പ്രവർത്തകർ തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ദൈനംദിനപ്രതിവാര ചന്തകളെയാണ് ആശ്രയിക്കുന്നത്. ഉത്പാദനസംവിധാനങ്ങൾ അടച്ചുപൂട്ടുന്നതും കമ്പോളങ്ങൾ നിശ്ചലമാകു

ന്നതും അവർക്കു താങ്ങാനാവാത്തതാണ്; കാരണം ജീവസന്ധാരണ സൗകര്യങ്ങളുടെ അടച്ചുപൂട്ടലാണ് അവർ നേരിടുന്നത്. പ്രവാസി തൊഴിലാളികളെ സംബന്ധിച്ച് ഉറ്റവരിൽനിന്നും ഏറെയകലെയാണ് അവർ ഒറ്റപ്പെട്ടുകഴിഞ്ഞുകൂടുന്നത്. പൊതുഗതാഗത സൗകര്യങ്ങൾ ഒറ്റയടിക്ക് അപ്രത്യക്ഷമായതോടെ അവർ രാജ്യത്തെ ഏറ്റവും കടുത്ത പ്രതിസന്ധി നേരിടുന്ന വിഭാഗമായി മാറിയിരിക്കുന്നു. അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, ജലം, താമസസൗകര്യം എന്നിവ പോലുമില്ലാതെയാണ് ദശലക്ഷക്കണക്കിനാളുകൾ ഇന്ന് കഴിയുന്നത്.

വ്യാപകമായ മാനുഷികദുരന്തങ്ങൾ പൊതുസമൂഹത്തിലും സർക്കാരിലും ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അടിയന്തിര സഹായം എത്തിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. എന്നാൽ ജനങ്ങളെ അലട്ടുന്ന ദുരന്തങ്ങളുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ സമ്പദ്ഘടനയിലും സമൂഹത്തിലും രാഷ്ട്രീയ സംവിധാനത്തിലുമുള്ള ആഴമേറിയ പ്രശ്നങ്ങൾ കോവിഡ് ദുരന്തം നമ്മുടെ മുന്നിൽ അനാവരണം ചെയ്യുന്നു. തൊഴിലാളികളുടെയും ഉത്പാദകരുടെയും അങ്ങേയറ്റം മോശമായ അവസ്ഥ, അതിൽത്തന്നെ സ്ത്രീകളുടെയും ദളിതരുടെയും ആദിവാസികളുടെയും മറ്റു അരികുവത്കൃത സമൂഹങ്ങളുടെയും നീറുന്ന പ്രശ്നങ്ങൾ ഇതൊന്നും പൊതുസമൂഹ ശ്രദ്ധയിൽ വരുന്നില്ല. എന്നാൽ കോവിഡ് പ്രതിസന്ധി ഇതെല്ലാം കൃത്യമായി ചൂണ്ടിക്കാണിക്കുന്നു. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളുടെ നിവൃത്തിക്കായി വിദൂരസ്ഥമായ കമ്പോളങ്ങളെയും ആഗോള വ്യാപാരത്തെയും ആശ്രയിക്കുന്നത് നിഷേധഫലമാണ് ഉണ്ടാക്കുകയെന്ന് ഇപ്പോൾ വ്യക്തമാണ്. അതേപോലെ പാരിസ്ഥിതിക നാശവും ജനങ്ങളുടെ ജീവസന്ധാരണപ്രശ്നങ്ങളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതും ഇന്നു നമ്മൾ തിരിച്ചറിയുന്നു. ചുരുക്കത്തിൽ, അസമത്വവും നിലവിലുള്ള വികസനമാതൃകകളും തമ്മിലുള്ള സംഘർഷങ്ങളും അവയുടെ അപര്യാപ്തിയും ഇപ്പോൾ കുറച്ചുകൂടി വ്യക്തമായി കൺമുന്നിൽ തെളിയുന്നുണ്ട്.

ഈയവസ്ഥയിൽ, അടിയന്തിരമായ സഹായങ്ങളും ദുരിതാശ്വാസ ശ്രമങ്ങളും മുന്നോട്ടുകൊണ്ടുപോവുമ്പോൾ തന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാര നടപടികളെക്കുറിച്ചും ആലോചിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ തലങ്ങളിലെ നയങ്ങളിലും നിലപാടുകളിലും ആവശ്യമായ മാറ്റങ്ങളെക്കുറിച്ചുള്ള പരിചിന്തനങ്ങൾക്കും സമയമായിരിക്കുന്നു. ലോകത്തെ മറ്റു രാജ്യങ്ങളെപ്പോലെ ഇന്ത്യയും ബദൽമാർഗങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സൗഖ്യവും ക്ഷേമവും അന്തസ്സായി ജീവിക്കാനുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തുന്ന നയങ്ങളാണു നമുക്ക് വേണ്ടത്. പാരിസ്ഥിതികമായ നിലനില്പ്പും അതിപ്രധാനമാണ്. ഗ്രാമനഗര പ്രദേശങ്ങളിലെ ജനങ്ങളുടെ സ്വയംശാക്തീകരണത്തിന് സഹായകമായ നയങ്ങളാണ് അനിവാര്യം. ഭക്ഷണം, ആരോഗ്യം, ജലം, ഊർജം, പാർപ്പിടം, വിദ്യാഭ്യാസം മറ്റു അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ രംഗങ്ങളിൽ കാര്യങ്ങൾ നിയന്ത്രിക്കാനും തീരുമാനമെടുക്കാനുമുള്ള സമൂഹങ്ങളുടെ കഴിവു വർദ്ധിപ്പിക്കുന്നതിലാണ് ഊന്നൽ നൽകേണ്ടത്. ആത്യന്തികമായി ഈ മാറ്റങ്ങൾ സ്വാശ്രയത്വത്തിലേക്കും സ്വയംപര്യാപ്തതയിലേക്കും ജനസമൂഹങ്ങളെ നയിക്കണം.

അത്തരം സമൂഹത്തെയാണ് നമ്മൾ സ്വരാജ് എന്ന് വിളിക്കുന്നത്. അതിലേക്കുള്ള പ്രയാണം ഇന്നൊരു സൈദ്ധാന്തിക വിഷയം മാത്രമല്ല. ഇന്ത്യയിൽ പല ഭാഗങ്ങളിലും നൂറുകണക്കിന് ബദൽ പരീക്ഷണങ്ങളിലൂടെ അത്തരമൊരു സമൂഹത്തിന്റെ നിർമാണപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. ഈ രേഖയിൽ അങ്ങനെ ചില പരീക്ഷണങ്ങളുടെ ഉദാഹരണങ്ങളാണ് വിവരിക്കുന്നത്. അത്തരം ഉദ്യമങ്ങൾ മറ്റു പ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് രേഖ സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു. കോവിഡ് ബാധയുടെ അവസരത്തിൽ നമ്മൾ നേരിട്ട നിരവധി ഗുരുതര പ്രശ്നങ്ങളുണ്ട്; പലതും നേരത്തെയും നിലനിൽക്കുന്നതാണെങ്കിലും അവയുടെ ആഘാതം സമൂഹശ്രദ്ധയിൽ എത്തുന്നത് ഈ അവസരത്തിലാണ്. എന്നാൽ ഓരോ പ്രശ്നത്തിനും പ്രായോഗിക പരിഹാരം നിർദേശിക്കുന്ന ബദലുകൾ രാജ്യത്തുണ്ട്. വിവിധ ജനസമൂഹങ്ങൾ, പൊതുസമൂഹ സംരംഭങ്ങൾ, സർക്കാർ ഏജൻസികൾ അങ്ങനെ പലരും അത്തരം പരീക്ഷണങ്ങളിൽ ഇടപെടുന്നുമുണ്ട്. അവയെ അറിയാനും അവയിൽ നിന്ന് ചില പാഠങ്ങൾ ഉൾക്കൊള്ളാനും ഞങ്ങൾ നിങ്ങളെ ക്ഷണിക്കുകയാണ്.

**മേഖല 1 – ഭക്ഷണം**

പ്രശ്നം: ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം: സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

**ഉദാഹരണം 1: ഡെക്കാൻ ഡവലപ്മെന്റ് സൊസൈറ്റിയിലെ ദലിത്–ആദിവാസി വനിതാ കർഷകർ, തെലുങ്കാന**

കഴിഞ്ഞ 30 വർഷമായി തെലുങ്കാനയിലെ സഹീറാബാദ് ജില്ലയിൽ ദലിത്–ആദിവാസി വി



ഡെക്കാൺ ഡവലപ്മെന്റ് സൊസൈറ്റിയിലെ സ്ത്രീകൾ

ഭാഗത്തിൽ നിന്നുള്ള സ്ത്രീകളുടെ മുൻകൈയിൽ കാർഷികരംഗത്ത് ശ്രദ്ധേയമായ ഇടപെടലുകൾ നടക്കുന്നുണ്ട്. എഴുപത് ഗ്രാമത്തിൽ നിന്നുള്ള സന്നദ്ധസംഘടനകൾ ചേന്നാണ് ഡക്കാൺ ഡവലപ്മെന്റ് സൊസൈറ്റിക്ക് രൂപം നൽകിയതും  പരമ്പരാഗത വിത്തുകളും കൃഷിരീതികളും പുനരുദ്ധരിക്കാൻ ആരംഭിച്ചതും. പ്രധാനമായും റാഗിയുടെ വിളവിലാണ് ഈ സംഘം ശ്രദ്ധയൂന്നുന്നത്. ജലക്ഷാമം രൂക്ഷമായ പ്രദേശം കൂടിയായതിനാൽ പ്രാദേശികമായി ലഭ്യമാകുന്ന ജൈവവളം ഉപയോഗിച്ചുള്ള പലതവണ വിളവെടുക്കാൻ കഴിയുന്ന ബഹുകൃഷിരീതിയാണ് ഇവർ ഇവിടെ നടത്തുന്നത്. സ്ത്രീകൾക്ക് കൃഷിഭൂമിയിൽ അവകാശം ലഭിക്കുന്നതിനുള്ള ശ്രമങ്ങളും ഇവർ നടത്തുന്നുണ്ട്. ദരിദ്രരായ ഗ്രാമീണർക്ക് പോഷകമൂല്യമുള്ള ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുന്നതിനായി ഗ്രാമവാസികളുടേത് മാത്രമായ പൊതുവിതരണ സമ്പ്രദായവും ഇവർ ആരംഭിക്കുകയുണ്ടായി. ഹൈദരാബാദിൽ ഉത്പാദക-ഉപഭോക്തൃ സംവിധാനവും കൺഫോം എന്ന പേരിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് അടച്ചുപൂട്ടലിന്റെ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഭൂരഹിത കുടുംബങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനും വേണ്ടി ജില്ലാതല ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഇവർ ഫലപ്രദമായി ഇടപെടുകയുണ്ടായി. ഇന്ത്യയിലെ കാർഷികവികസന നയങ്ങൾക്ക് കടകവിരുദ്ധമായ സമീപനമാണ് ഇവർ സ്വീകരിച്ചത്. എന്നാൽ പ്രാദേശിക അറിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഉത്പാദനത്തിലൂടെയും പ്രാദേശിക ചന്തകളുടെയും സഹായത്തിലൂടെ കുറഞ്ഞചിലവിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ ഡക്കാൻ ഡവലപ്മെന്റ് സൊസൈറ്റിക്ക് കഴിയുന്നുണ്ട്.

**ഉദാഹരണം 2:**
**കേദിയ ജൈവഗ്രാമം,**
**ബീഹാർ**

ബീഹാറിലെ ജാമുയി ജില്ലയിലെ കേദിയ ഗ്രാമക്കാരായ 97 കർഷക കുടുംബങ്ങൾ ചേർന്ന് 2014ൽ ആണ് പരിസ്ഥിതി സൗഹൃദപരമായ കൃഷിക്കായി ജീവിക്കുന്ന മണ്ണ് എന്ന പദ്ധതിക്ക് രൂപം നൽകിയത്. ജൈവസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഭൂമിയുടെ ഫലഭൂയിഷ്ടത പുഷ്ടിപ്പെടത്തുകയായിരുന്നു പ്രധാനമായും ലക്ഷ്യമാക്കിയിരുന്നത്. ദീർഘകാലമായി രാസവള കമ്പനികളുടെ നിയന്ത്രണത്തിലുള്ള വിത്ത്, വളം, അമിതജലോപയോഗം, ഏകവിള എന്ന വിഷമവൃത്തത്തിൽ പെട്ടുകിടക്കുകയായിരുന്നു തങ്ങളെന്ന് കർഷകർ തിരിച്ചറിഞ്ഞു. ഗ്രീൻപീസ് ഇന്ത്യ, സംസ്ഥാന കൃഷി വകുപ്പ് എന്നിവരുടെ സഹായത്തോടെയാണ് തുടക്കത്തിൽ ചില വിജയകരമായ പരീക്ഷണങ്ങൾ അവർ നടത്തിയത്. ഇന്ന് ഗ്രാമത്തിനാവശ്യമുള്ള സകലവിളകളും അവിടെത്തന്നെ കൃഷി ചെയ്യുന്നുണ്ട്. അതും പൂർണ്ണമായും ജൈവരീതിയിൽ. കീടശല്യം ഒഴിവാക്കാൻ ജൈവവൈവിധ്യം അവരെ സഹായിക്കുന്നു.  കിണറുകൾ വീണ്ടെടുത്തുകൊണ്ട് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമുള്ള ജലം അവർ അവിടെത്തന്നെ കണ്ടെത്തി. ഈ അനുഭവങ്ങൾ ബീഹാർ സർക്കാരിനെയും കാര്യമായി സ്വാധീനിക്കുകയും ഓരോ ഗ്രാമങ്ങളിലും ജൈവകൃഷി മാതൃകാഗ്രാമം കെട്ടിപ്പടുക്കാൻ സർക്കാർ മുന്നോട്ടുവരുകയും ചെയ്തു. ലോക്ഡൗൺ കാലത്ത് കടുത്ത സാമ്പത്തിക പ്രശ്നങ്ങളിൽ അകപ്പെട്ട സമീപദേശങ്ങളിലെ 426 കുടുംബങ്ങൾക്ക് ഭക്ഷ്യവിഭവങ്ങൾ അടങ്ങുന്ന കിറ്റുകൾ ഇവർ വിതരണം ചെയ്തു. ജൈവഅരി, കടല, ആട്ട, പരിപ്പ്, എണ്ണ എന്നീ ഇനങ്ങളാണ് കിറ്റിൽ ഉണ്ടായിരുന്നത്. സർക്കാർ റേഷൻ പോലും ലഭ്യമല്ലാതിരുന്ന കുടുംബങ്ങളെ കണ്ടെത്തിയാണ് ഇത് നൽകിയത്.

പ്രാദേശികതലത്തിൽ  പ്രവർത്തിക്കുന്ന ജൈവകൃഷി സംഘങ്ങൾക്ക് അതാത് പ്രദേശങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയും എന്ന പാഠമാണ് ഈ പരീക്ഷണം. കോവിഡ് പോലെയുള്ള പ്രതിസന്ധികളെ സ്വയമേവ തരണം ചെയ്യാൻ അത് ഗ്രാമീണരെ പ്രാപ്തരാക്കും. പ്രയാസം നേരിടുന്ന സമീപവാ

സികൾക്ക് അടിയന്തിര സഹായം എത്തിക്കാനും അവർക്ക് ശേഷിയുണ്ടാകും. പ്രാദേശിക സ്വയംപര്യാപ്തത സാധ്യമാക്കുന്നതരത്തിൽ ജനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ, പൊതുസമൂഹ സംവിധാനങ്ങളിൽ നിന്നുള്ള സഹായവും പിന്തുണയും പ്രധാനമാണ്.

**നിർദ്ദേശങ്ങൾ**

1. ചെറുകിട ഉത്പാദകർക്ക് മുഖ്യപരിഗണന നൽകുക (ഇന്ത്യയിൽ കാർഷിക മേഖലയിൽ അവരാണ് കൂടുതൽ). കർഷകർ, നാടോടികൾ, മീൻപിടിത്തക്കാർ, ആദിവാസികൾ, കൈപ്പണിക്കാർ തുടങ്ങിയവരാണ് ചെറുകിട ഉത്പാദകരിൽ ഉള്ളത്.

2. ഗ്രാമങ്ങളിലും ഗ്രാമങ്ങളുട ക്ലസ്റ്ററുകളിലുമായി അവരെ സംഘടിപ്പിച്ച് ഭൂമിയും ഉത്പ്പാദനത്തിനു ആവശ്യമായ മറ്റു സംവിധാനങ്ങളും നൽകുക.

3. ഭക്ഷ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകി ജൈവവൈവിധ്യമുള്ളതും പ്രാദേശിക പരിസ്ഥിതിക്ക് യോജിച്ചതുമായ കൃഷി രീതി വളർത്തുക.

4 . ജലോപയോഗത്തിൽ പരമാവധി ശ്രദ്ധ നൽകുക.

5. ജൈവ കൃഷി രീതിയിലേക്ക് കർഷകരെ ആകർഷിക്കാനായി നിലവിൽ രാസവളങ്ങൾക്കും മറ്റു ഹരിത വിപ്ലവ ഇനങ്ങൾക്കും നൽകിവരുന്ന സബ്സിഡി ആനുകൂല്യം ജൈവ ഇനങ്ങളുടെ പ്രോത്സാഹനത്തിനായി മാറ്റി ഉപയോഗിക്കുക.

6. വൻകിട ഉത്പ്പാദകർ പ്രത്യേകിച്ചും കോർപ്പറേറ്റ് കമ്പനികൾ കാർഷികരംഗം കയ്യടക്കുന്നതു നിരുത്സാഹപ്പെടുത്തുക. അതിനായി നികുതിഘടന പരിഷ്കരിക്കുക. നിയമനിർമ്മാണം നടത്തുക.

7. പൊതുവിതരണ സംവിധാനം, അങ്കണവാടികൾ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതികൾ എന്നിവയുടെ ഉപയോഗത്തിന് പ്രാദേശികമായ ഭക്ഷ്യവിഭവങ്ങൾ പ്രോത്സാഹിപ്പിക്കുക. അവയുടെ പ്രവർത്തനം ഏറ്റെടുക്കാൻ പ്രാദേശിക സംഘങ്ങളെ ചുമതലപ്പെടുത്തുക.

8. ഭക്ഷ്യസുരക്ഷയും ആ രംഗത്തെ സ്വാശ്രയത്വവും അപകടത്തിലാക്കുന്ന എല്ലാ നടപടികളിൽ നിന്നും വിട്ടുനിൽക്കുക. സ്വതന്ത്ര വ്യാപാരം പ്രോത്സാഹിപ്പിക്കുന്ന വ്യാപാര ഉടമ്പടികൾ ഒപ്പുവെക്കുക. നിലവിലുള്ള അത്തരം കരാറുകളിൽ നിന്ന് പിൻവാങ്ങുക.

**മേഖല 2 – കമ്പോളം**

പ്രശ്നം: കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം: കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

**ഉദാഹരണം 1 : ഗുഡ്ഗാവ് കർഷക മാർക്കറ്റ്**

ഗുഡ്ഗാവിലെ ജൈവകർഷക മാർക്കറ്റ് 2014 മുതൽ തുടർച്ചയായി പ്രവർത്തിച്ചുവരികയായിരുന്നു; കോവിഡ്കാല അടച്ചിടൽ വരെ. ഗുഡ്ഗാവിലെ 20 കർഷകരെ ഏതാണ്ട് 500 ഉപഭോക്യത കുടുംബങ്ങളുമായി ബന്ധപ്പെടുത്തുന്നത് ഈ ചന്തയാണ്. ലോക്ഡൗൺ വന്നതോടെ ചന്തയുടെ പ്രവർത്തനം ഓൺലൈനിലേക്കു മാറി. ഇപ്പോൾ ഉത്പ്പന്നങ്ങൾ വീടുകളിൽ എത്തിച്ചുനൽകുകയാണ് രീതി.

**ഉദാഹരണം 2 : കോവിഡ് കാലത്ത് സത്താറയിലെ 'വീട്ടിലേക്ക് നേരിട്ട്' കൈമാറ്റ പരിപാടി**

റാബി വിളവെടുപ്പിനു തൊട്ടുപിന്നാലെ കോവിഡ് മഹാമാരി വന്നത് രണ്ടു വെല്ലുവിളികളാണ് സത്താറയിലെ കർഷകർക്ക് മുന്നിൽ ഉയർത്തിയത്. ഒന്നു, വിളവെടുക്കുന്നതിനു പ്രവാസിതൊഴിലാളികളുടെ അഭാവം. രണ്ടു, വിഭവങ്ങൾ കമ്പോളത്തിലേക്കു എത്തിക്കാൻ ട്രക്ക് ഡ്രൈവർമാരുടെ കുറവ്. ഉത്പ്പന്നങ്ങൾ ഒന്നിച്ചെടുക്കാൻ ഗ്രാമങ്ങളിൽ എത്തിയ ഇടനിലക്കാർ അവസരം മുതലാക്കാനിറങ്ങി. പലയിടത്തും ഉത്പന്നങ്ങൾ വാങ്ങാൻ അവർ വിസമ്മതിച്ചു. സർക്കാർ ഇതിനെതിരെ നടപടികളൊന്നും എടുത്തതുമില്ല.

സത്താറയിലെ പ്രാദേശിക ഭരണാധികാരികൾ അതിനു പ്രാദേശികമായിത്തന്നെ കർഷകർ, പ്രാദേശിക ചന്തകളിലെ ഇടനിലക്കാർ, പൊതുസമൂഹ സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെ പരിഹാരം കാണാൻ ശ്രമിച്ചു. അവശ്യ സാധനങ്ങളായ ധാന്യങ്ങൾ, പാൽ, പച്ചക്കറി, പഴങ്ങൾ തുടങ്ങിയവ നേരിട്ട് വീടുകളിലേക്ക് എത്തിക്കാനുള്ള പദ്ധതികൾ കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ട് തന്നെ നടത്തിവരുന്നു. ഇങ്ങനെ ഇടനിലക്കാരെ ഒഴിവാക്കിയതിൽ കർഷകർക്ക് നേട്ടം ഉണ്ടായി. സാധനങ്ങൾ സ്ഥിരമായി ലഭിക്കും എന്നുറപ്പുള്ളതിനാൽ ഒന്നും അമിതമായി ശേഖരിച്ചു വെക്കേണ്ട ആവശ്യം പ്രദേശവാസികൾക്കും വരുന്നില്ല.

**ഉദാഹരണം 3 : നവദർശനം; സാമൂഹിക പിന്തുണയുടെ കൃഷി**

തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ 1990 ൽ ആരംഭിച്ച പൊതുസമൂഹ പ്രസ്ഥാനമാണ് നവദർശനം. ബംഗളൂരുവിൽ നിന്ന് ഏതാണ്ട് 50 കിലോമീറ്റർ അകലെയാണ് സംരക്ഷിതാവനത്തിനകത്തുള്ള ഈ ഗ്രാമം. ഭക്ഷ്യരംഗത്തു പ്രവർത്തിക്കുന്ന ഒരു പ്രാദേശിക സ്വയം സഹായ ഗ്രൂപ്പിന് സമീപ ഗ്രാമങ്ങളിൽ അവർ നേതൃ

ത്വം നൽകുന്നു. ബംഗളൂരുവിലെയും മറ്റു ചില പ്രദേശങ്ങളിലെയും നഗരവാസി ഉപഭോക്താക്കൾക്ക് മികച്ചതും പോഷകവുമായ ഭക്ഷ്യവിഭവങ്ങൾ എത്തിച്ചുകൊടുക്കുകയാണ് ഈ സംഗം ഇപ്പോൾ. ഇതുവഴി ഗ്രാമീണർക്കും തൊഴിൽ ലഭിക്കുകയും പരമ്പരാഗത കഴിവുകളും പരിസ്ഥിതിയും സംരക്ഷിക്കുകയും ചെയ്യുന്നു.

നഗരത്തിലെ ഉപഭോക്താക്കളിൽ നിന്ന് മുൻകൂട്ടിയുള്ള ഓർഡറുകളുടെ അടിസ്ഥാനത്തിൽ കർഷകർ തങ്ങളുടെ കൃഷിപ്പണികൾ നേരത്തെ ആസൂത്രണം ചെയ്യുന്നു. വരുമാനം കർഷകർ തന്നെ വീതിച്ചെടുക്കുന്നു.

തമിഴ്നാട് അതിർത്തിക്കുള്ളിലാണ് ഗ്രാമം എന്നതിനാൽ അയൽ സംസ്ഥാനത്തെ നഗരങ്ങളിൽ വിഭവങ്ങൾ എത്തിക്കുന്നതിന് കോവിഡ് ലോക്ഡൗൺ കാലത്ത് പ്രശ്നങ്ങളുണ്ടായി. എന്നിരുന്നാലും വിതരണം തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടുപോകാൻ സംഘത്തിന് കഴിയുന്നുണ്ടിപ്പോൾ.

**നിർദേശങ്ങൾ**

1 . വികേന്ദ്രീകൃത രീതിയിൽ പ്രാദേശിക ഉത്പ്പാദകരുടെ പങ്കാളിത്തമുള്ള കമ്പോളങ്ങൾ വികസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.

വനാവകാശ നിയമം 2006, പെസ നിയമം (പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫ് ഷെഡ്യുൾഡ് ഏരിയസ് ആക്ട്) 1996 എന്നിവയുടെ സഹായത്തോടെ 86 ഗ്രാമസഭകൾ തങ്ങളുടെ പ്രദേശത്തെ വനങ്ങളിലെ വിഭവങ്ങൾ ഉപയോഗിക്കാനും അവ സംരക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള നിയമപരമായ അവകാശം നേടിയിരുന്നു. കോവിഡ് പ്രതിസന്ധി കാലത്തു വനവിഭവങ്ങൾ സംഭരിച്ചു ധനശേഖരണം നടത്താൻ കഴിഞ്ഞത് ആദിവാസി ഗ്രാമസഭകൾക്ക് വളരെ ഗുണം ചെയ്തു.

2. ചന്തകളിൽ ജൈവകൃഷി ഉത്പ്പന്നങ്ങൾക്കും ചെറുകിട/കരകൗശല വിഭാഗക്കാരുടെ ഉത്പ്പന്നങ്ങൾക്കും പ്രോത്സാഹനം നൽകുക.

3. കോർപ്പറേറ്റ് കമ്പനികളെ ഇത്തരം കമ്പോളങ്ങളിൽ നിന്നും അകറ്റി നിർത്തുക.

4. ഉത്പന്നങ്ങളുടെ വില മിതവും നയവുമായി നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട വിവരങ്ങൾ ഉത്പ്പാദക-ഉപഭോത്കൃത വിഭാഗങ്ങൾക്കിടയിൽ ലഭ്യമാക്കുക.

5. ദരിദ്രകുടുംബങ്ങൾക്ക് ജൈവ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് സബ്സിഡി അനുവദിക്കുക. പൊതുവിതരണ സംവിധാനത്തിൽ അവർക്കായി പ്രത്യേക സൗകര്യങ്ങൾ നൽകുക.

6. കരകൗശല വസ്തുക്കൾക്കും കൈകൊണ്ടു നിർമ്മിച്ച ഉത്പ്പന്നങ്ങൾക്കും കമ്പോളങ്ങളിൽ പിടിച്ചു നില്ക്കാൻ സഹായിക്കുന്നതിന് അവയുടെ മേലുള്ള ജി.എസ്.ടി പോലുള്ള നികുതികൾ ഒഴിവാക്കുക.

7. നഗരവാസികളായ ഉപഭോക്താക്കളെ ഗ്രാമങ്ങളിലെ ഉത്പ്പാദകരുടെ കൃഷിക്കളങ്ങളും പണിശാലകളും സന്ദർശിക്കാനും അവയുടെ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാകാനും അവസരമൊരുക്കുക. ഗ്രാമീണ ഉത്പ്പാദനപ്രക്രിയയിൽ നേരിട്ട് ബാന്ധവപ്പെടാൻ അവരെ പ്രോത്സാഹിപ്പിക്കുക. വെറും ഉപഭോക്താക്കളിൽ നിന്ന് ഉത്പ്പാദന പ്രക്രിയയിലെ പങ്കാളിയായി അവരെ പരിവർത്തിപ്പിക്കുക.

**മേഖല 3 – ഉപജീവനം**

പ്രശ്നം: ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും.
പരിഹാരം : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യം വികസനം.

**ഉദാഹരണം 1 : വനവിഭവങ്ങൾ വഴിയുള്ള ഉപജീവനം, കോർച്ചി, മഹാരാഷ്ട്ര**

മഹാരാഷ്ട്രയിലെ ഗഡ്ചിറോളി പ്രദേശത്തെ 90 ഗ്രാമസഭകൾ കൂടിച്ചേർന്നു 2016 ൽ മഹാഗ്രാമസഭ (എം.ജി.എസ്) എന്ന പേരിൽ ഒരു ഫെഡറേഷന് രൂപം നൽകി. പ്രദേശത്തു ഖനന പ്രവർത്തനങ്ങൾ കാരണം ഉപജീവനം പ്രയാസത്തിലായ സന്ദർഭത്തിലാണ് അവരതിന് തയ്യാറായത്. ഖനനത്തെ ചെറുക്കുകയും ബദൽ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുകയുമായിരുന്നു സംഘടനയുടെ ഉദ്ദേശം. പ്രാദേശിക സമൂഹത്തിൽ നേരിട്ടുള്ള ജനാധിപത്യപ്രക്രിയകൾ നടപ്പിൽ വരുത്താൻ ഫെഡറേഷൻ നീക്കങ്ങൾ നടത്തി. പ്രാദേശിക ഉത്പ്പാദനോപാധികളിലുള്ള സമൂഹനിയന്ത്രണം, പരിസ്ഥിതി സന്തുലിതാവസ്ഥ കൈവരിക്കാൻ ജൈവവൈവിധ്യ സംരക്ഷണം, സാംസ്കാരിക തനിമ നിലനിർത്താനുള്ള ശ്രമങ്ങൾ, സാമൂഹിക ബന്ധങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളിൽ ശക്തമായ നടപടികൾ തുടങ്ങിയ കാര്യങ്ങളിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. നിലവിലുള്ള വികസന സമീപനത്തെയാണ് ആദിവാസികൾ ചോദ്യം ചെയ്തത്. ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ രംഗങ്ങളിലും പൊതുസമൂഹ മാനദണ്ഡങ്ങളെ അവർ തിരസ്കരിച്ചു.

വനാവകാശ നിയമം 2006, പെസ നിയമം (പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫ് ഷെഡ്യൂൾഡ് ഏരിയസ് ആക്ട്) 1996 എന്നിവയുടെ സ

ഹായത്തോടെ 86 ഗ്രാമസഭകൾ തങ്ങളുടെ പ്രദേശത്തെ വനങ്ങളിലെ വിഭവങ്ങൾ ഉപയോഗിക്കാനും അവ സംരക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള നിയമപരമായ അവകാശം നേടിയിരുന്നു. കോവിഡ് പ്രതിസന്ധി കാലത്തു വനവിഭവങ്ങൾ സംഭരിച്ചു ധനശേഖരണം നടത്താൻ കഴിഞ്ഞത് ആദിവാസി ഗ്രാമസഭകൾക്ക് വളരെ ഗുണം ചെയ്തു. കുക്കടേൽ, സൽഹെ, ഗഹനഘട്ട, ശങ്കർഗോണ്ടി തുടങ്ങിയ ഗ്രാമങ്ങളിൽ സൗജന്യ റേഷൻകിറ്റുകൾ വിതരണം ചെയ്തു. ഭൂരഹിത കുടുംബങ്ങൾ, വിധവകൾ, രോഗികൾ, ശാരീരിക അവശതകളുള്ളവർ, പ്രവാസിതൊഴിലാളി കുടുംബങ്ങൾ തുടങ്ങിയവർക്കാണ് സഹായം നൽകിയത്.

**ഉദാഹരണം 2 : കുടുംബശ്രീ, കേരളം**

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയുടെ ഭാഗമായാണ് 1998 ൽ കുടുംബശ്രീക്ക് രൂപം നൽകുന്നത്. കേരളത്തിലെ അയൽക്കൂട്ടങ്ങളിലെ സ്ത്രീകളുടെ സാമൂഹിക സംരംഭമാണിത്. നഗര-ഗ്രാമ പ്രദേശങ്ങളിലെ സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുകയാണ് ലക്ഷ്യം. ഗ്രാമത്തിലെയും മുനിസിപ്പാലിറ്റിയിലെയും എല്ലാ സ്ത്രീകളെയും അതുമായി ബന്ധപ്പെടുത്തുകയും പ്രാദേശികാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, ആരോഗ്യ ഇൻഷുറൻസ്, ഭവന നിർമ്മാണവും ചെറുകിട സംരംഭങ്ങളും, ദേശീയ തൊഴിലുറപ്പു പദ്ധതി, ജാഗ്രത സമിതി തുടങ്ങിയ സർക്കാർ പ്രവർത്തനങ്ങളിലെല്ലാം കുടുംബശ്രീക്ക് പങ്കാളിത്തമുണ്ട്. വിവിധതരം ഉത്പ്പാദന സംരംഭങ്ങളിലും അത് ഇടപെടുന്നുണ്ട്. വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, കരകൗശല ഇനങ്ങൾ എന്നിവയിലെല്ലാം പങ്കാളിത്തമുണ്ട്. ഇതിലൂടെയെല്ലാം ലക്ഷക്കണക്കിന് സ്ത്രീകൾക്കാണ് തങ്ങളുടെ സ്വന്തം പരിസരത്തു സാമ്പത്തിക സുരക്ഷിതത്വം കുടുംബശ്രീ ഉറപ്പാക്കുന്നത്.

കോവിഡ് കാലത്തു സർക്കാരിന്റെ ആശ്വാസ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിൽ കുടുംബശ്രീ വലിയ പങ്കുവഹിച്ചു. പ്രാദേശിക ഭരണസംവിധാനവുമായി സഹകരിച്ചു. വിവിധപ്രദേശങ്ങളിൽ സമൂഹ അടുക്കളകൾ സ്ഥാപിച്ചത് കുടുംബശ്രീയുടെ സഹകരണത്തോടെയാണ്. ഭക്ഷണം ലഭിക്കാൻ പ്രയാസപ്പെടുന്നവർക്കും ഹോം ക്വാറന്റൈനിൽ കഴിയുന്നവർക്കും അവിടെ നിന്നാണ് ഭക്ഷണം എത്തിച്ചുകൊടുത്ത്. കോവിഡ് ഭീഷണി സംബന്ധിച്ച വിവരങ്ങളും സർക്കാർ നിർദ്ദേശങ്ങളും സാധാരണക്കാർക്കിടയിൽ എത്തിക്കുന്നതിൽ കുടുംബശ്രീ അംഗങ്ങൾ മുന്നിൽ നിന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും ഹെല്പ് ലൈൻ വഴി വിവിധവിഭാഗം ആളുകളെ ഔദ്യോഗിക സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുന്നതിലും അവരുടെ പങ്കാളിത്തമുണ്ടായി. മുന്നൂറു ടൈലറിംഗ് യൂണിറ്റുകൾ വഴി തയാറാക്കിയ 20 ലക്ഷം കോട്ടൺ മാസ്ക്കുകൾ കുടുംബശ്രീ പ്രവർത്തകർ വിൽപ്പന നടത്തി. കൂടാതെ 21 മൈക്രോ യൂണിറ്റുകളിലായി 5000 ലിറ്റർ സാനിറ്റൈസറുകൾ തയ്യാറാക്കി വിൽപ്പന നടത്തി.



സത്താറയിലെ കർഷകർ

മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവരുടെ ആവശ്യത്തിനായി ഫേസ് ഷീൽഡുകളും നിർമ്മിക്കുന്നുണ്ട്.

**ഉദാഹരണം 3 : മധ്യേന്ത്യയിലെ ജലസംരക്ഷണ, ഉപജീവന വികസന സംരംഭങ്ങൾ**

മധ്യപ്രദേശിലെ ദേവസ് ആസ്ഥാനമായ സമാജ് പ്രഗതി സഹയോഗ് (എസ്.പി.എസ്) ഇന്ത്യയിലെ ഏറ്റവും വലിയ പൊതുസമൂഹ സംരംഭങ്ങളിലൊന്നാണ്. മദ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ 72 ജില്ലകളിലായി പത്തു ലക്ഷം ഏക്കർ ഭൂമിയിൽ സംഘടന കൃഷി നടത്തുന്നു. അംഗ സംഘടനകളിലൂടെയാണ് അവർ പ്രവർത്തിക്കുന്നത്. മൂന്നു പതിറ്റാണ്ടായി ആദിവാസി സമൂഹങ്ങളിലാണ് അവർ പ്രവർത്തിച്ചത്. കൃഷിക്കും മറ്റു ഉപജീവന മാർഗ്ഗങ്ങൾക്കും ജലത്തിന്റെ മിതമായ ഉപഭോഗം അനിവാര്യമാണെന്ന് അവർ കരുതുന്നു. തുല്യത, ശാക്തീകരണം, വിഭവങ്ങളുടെ മിതോപയോഗം, അരികുകളിലുള്ളവർക്ക് വിശേഷിച്ചു സ്ത്രീകൾക്ക് മുൻഗണന എന്നിവയാണ് അടിസ്ഥാന തത്വങ്ങൾ. ഏതാണ്ട് 120 ഗ്രാമങ്ങളിൽ ജല സുരക്ഷാ പ്രവർത്തനങ്ങൾ വഴി ജലം ലഭ്യമാക്കാനും കാർഷിക ഉത്പ്പാദനത്തിൽ കുതിപ്പുണ്ടാക്കാനും അവർക്ക് കഴിഞ്ഞു. വിദ്യാഭ്യാസ പ്രോത്സാഹനത്തിന് ബാബ ആംതെ സെന്റർ ഫോർ പീപ്പിൾസ് എംപവർമെൻറ് എന്ന സന്നദ്ധ സംഘടന വഴിയും പ്രവർത്തിക്കുന്നു.

കോവിഡ് അടച്ചിടൽ കാലത്ത് മധ്യപ്രദേശിലെ ദേവസ്, ഖാർഗോൺ ജില്ലകളിലെ 13000 കുടുംബങ്ങൾക്ക് സംഘടന സഹായമെത്തിച്ചു. അർഹമായ കുടുംബങ്ങൾക്ക് സഹായവിതരണം നടത്തുന്നതിന് സ്വയം സഹായ സംഘങ്ങളെ ഏർപ്പെടുത്തി. പ്രാദേശിക ജീവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പുതിയ മാർഗ്ഗങ്ങൾ വികസിപ്പിക്കാനാണ് ഇപ്പോൾ സംഘം ശ്രമിക്കുന്നത്.

**ഉദാഹരണം 4 : വനങ്ങളിൽ അവകാശം നേടിയ മഹാരാഷ്ട്രയിലെ മേൽഘട്ട് പ്രദേശത്തെ ആദിവാസികൾ.**

മഹാരാഷ്ട്രയിലെ അമാരവതി ജില്ലയിലെ മേൽഘട്ട് പ്രദേശത്തെ പൈവിഹിർ അടക്കമുള്ള ഏതാനും ഗ്രാമങ്ങളിലെ ആദിവാസികൾ 2006 ലെ ആദിവാസി വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രദേശത്തെ വനങ്ങളിൽ സാമൂഹിക നിയന്ത്രണാവകാശം സ്ഥാപിച്ച ശേഷം വനങ്ങളുടെ സംരക്ഷണത്തിനും മണ്ണൊലിപ്പുണ്ടായ പ്രദേശങ്ങളിൽ വനവത്ക്കരണത്തിനും വേണ്ടി പ്രവർത്തിക്കുകയാണ്. കോവിഡ് പൊട്ടിപ്പുറപ്പെട്ട ഉടനെ പൈവിഹിർ ഗ്രാമക്കാർ തങ്ങളുടെ ഗ്രാമത്തിലേക്കുള്ള പാതകൾ അടച്ചു. വീടുകളിലേക്ക് ആവശ്യമായ സാധനങ്ങൾ ആഴ്ചയിൽ ഒരുതവണ എത്തിക്കാൻ ഏർപ്പാടുണ്ടാക്കി. കൃഷിപ്പണിക്കാരെ ആവശ്യത്തിന് കിട്ടുന്ന കാര്യവും ഗ്രാമസഭ ഉറപ്പാക്കി. എന്നിരുന്നാലും, ഗ്രാമവാസികൾ തങ്ങളുടെ സമയം കൃഷി, വനസംരക്ഷണം തുടങ്ങിയ പൊതു ആവശ്യത്തിന് കൂടി ഉപയോഗപ്പെടുത്തി. സ്വയം സഹായ സംഘങ്ങളിലെ സ്ത്രീകൾ മുഖാവരണ നിർമ്മാണം ഏറ്റെടുത്തു. പൊതുവിതരണ സംവിധാനത്തിൽ നിന്നുള്ള ഭക്ഷ്യവിഭവങ്ങളും മറ്റും എല്ലാവീട്ടിലും എത്തിക്കുന്ന ചുമതല മറ്റു ചിലരും ഏറ്റെടുത്തു. ഗ്രാമത്തിലേക്കുള്ള വരവും പോക്കും കൃത്യമായി രേഖപ്പെടുത്താൻ സംവിധാനമുണ്ടാക്കി.

**മേഖല 3 – ഉപജീവനം**

പ്രശ്നം: ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും.
പരിഹാരം : തൊഴിൽസാധ്യത കൂടിയ ചെറുകിട ഉത്പ്പാദനവും കരകൗശല വസ്തു നിർമ്മാണവും

**ഉദാഹരണം 1 : കൂത്തമ്പക്കത്തെ സാമ്പത്തിക പുനരുജ്ജീവനം, തമിഴ്നാട്**

ചെന്നൈ നഗരപ്രാന്തത്തിലെ ഗ്രാമമാണ് കൂത്തമ്പക്കം. അടുത്തകാലം വരെ ഗ്രാമത്തിലേക്ക് വാഹന സൗകര്യം ഉണ്ടായിരുന്നില്ല. തൊഴിൽ സൗകര്യങ്ങളും പരിമിതം. ജാതിവിവേചനവും സ്ത്രീപീഡനവും വ്യാപകമായിരുന്നു. വ്യാജമദ്യനിർമ്മാണവും കരിഞ്ചന്തയും വൻതോതിൽ നടമാടി. ഇളങ്കോ രാമസ്വാമി ഗ്രാമത്തിലെത്തിയതോടെ തൃണമൂലതല ആസൂത്രണം വഴി ഗ്രാമീണരെ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധ്യപ്പെടുത്താനും പരിഹാരം തേടാനും അദ്ദേഹം പ്രേരിപ്പിച്ചു. എല്ലാവർക്കും വീട്, സ്വയംസഹായ സംഘങ്ങളിലൂടെയും പഞ്ചായത്തു വകയും തൊഴിലവസരങ്ങൾ, പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി ജീവസാധ്യതകൾ, ദാരിദ്യത്തിൽ നിന്നു മുക്തി നേടാൻ നവീനമായ ഗ്രാമ സമ്പദ്ഘടന തുടങ്ങിയവയായിരുന്നു ദീർഘകാല ലക്ഷ്യങ്ങൾ. വീടുകളിലും പൊതുസ്ഥലങ്ങളിലും ഉപയോഗിക്കാവുന്ന സോളാർ വിളക്കുകൾ വികസിപ്പിച്ചു. കോവിഡ് കാലത്തു അണുനാശത്തിനായി സോളാർ ശക്തിയിൽ പ്രവർത്തിക്കുന്ന സംവിധാനം ഇളങ്കോ ഒരുക്കിയിരുന്നു.

**ഉദാഹരണം 2 : കച്ചിലെ കൈത്തറി നിർമ്മാണശാലകളുടെ പുനരുജ്ജീവനം**

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ കച്ചിലും കൈത്തറി നിർമ്മാണ മേഖല രണ്ടു ദശകങ്ങൾ മുമ്പുവരെ കടുത്ത പ്രതിസന്ധി നേരിട്ടാണ് നിലനിന്നത്. പൊതുസംരംഭങ്ങളുടെ ഭാഗമായി ഖമിർ എന്ന കരകൗശലവസ്തുക്ക

ളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന സംഘടനയും ചില പ്രാദേശിക നെയ്ത്തുകാരും കൈകോർത്തു കൈത്തറിയെ വീണ്ടെടുക്കാൻ ശ്രമം തുടങ്ങി. തദ്ദേശീയമായ പരുത്തിവസ്ത്രങ്ങളുടെ നിർമ്മാണരീതിയിൽ അവർ പുതുമകൾ പരീക്ഷിച്ചു. പരുത്തിക്കൃഷി മുതൽ വസ്ത്രനിർമ്മാണം വരെയുള്ള ജൈവമായ ഒരു ശൃംഖല കെട്ടിപ്പടുത്തു. യുവജനങ്ങളെ പ്രോത്സാഹിപ്പിച്ചു. സാമൂഹിക ബന്ധങ്ങളിലും ഇത് മാറ്റങ്ങൾ കൊണ്ടുവന്നു. ജാതിശ്രേണിയിൽ കീഴറ്റത്തു നിന്ന നെയ്ത്തുകാരോടുള്ള മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടായി. സ്ത്രീകളുടെ സാമൂഹികപദവിയും ഉയർന്നു. കൈത്തറി ഉത്പ്പന്നങ്ങളുടെ കമ്പോളത്തിലും മാറ്റമുണ്ടായി. ബദൽ വിപണന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിലാണ് അവരിപ്പോൾ.

**നിർദേശങ്ങൾ**

1. പ്രാദേശിക തൊഴിൽ സാധ്യതകൾക്കും വിപണിക്കും മുൻഗണന നൽകുക. കർഷകർ, വനവാസികൾ, മീൻപിടുത്തക്കാർ, നാടോടികൾ, കരകൗശലപ്പണിക്കർ, മറ്റു പ്രാദേശിക തൊഴിലുകാർ തുടങ്ങിയവർക്ക് പ്രാധാന്യം നൽകുക.

2. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും പരിസ്ഥിതിയുടെ നിലനിൽപ്പിനും സഹായകമായ നയങ്ങൾ ആവിഷ്കരിക്കുക.

3. സ്വാശ്രയത്വവും സ്വയംഭരണവും പ്രോത്സാഹിപ്പിക്കുക. പ്രാദേശിക വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിൽ ഗ്രാമസഭകൾ, മൊഹല്ലസഭകൾ, മറ്റു പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവയ്ക്ക് മുൻകൈ നൽകുക. സ്ത്രീകൾ അടക്കമുള്ളവരെ പ്രോത്സാഹിപ്പിക്കുക.

4. സാമൂഹികാവശ്യങ്ങൾക്ക് ഗ്രാമതല ഫണ്ട് സ്വരൂപിക്കുക.

5. പദ്ധതികളുടെ രൂപകൽപ്പനയ്ക്കും നടത്തിപ്പിനും പ്രാദേശിക മേൽക്കൈ പ്രോത്സാഹിപ്പിക്കുക.

6. ആദിവാസി വനാവകാശ നിയമം, പഞ്ചായത്തീരാജ് നിയമം, പെസ നിയമം തുടങ്ങിയ നിയമസംവിധാനങ്ങളും ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും ഫലപ്രദമായി നടപ്പാക്കുക.

7. അടിസ്ഥാനാവശ്യങ്ങൾക്കുപോലും വിദൂര കമ്പോളങ്ങളെ ആശ്രയിക്കേണ്ടിവരുന്ന പദ്ധതികൾ ഒഴിവാക്കുകയോ നീട്ടിവെക്കുകയോ ചെയ്യുക.

8. പ്രകൃതിവിഭവങ്ങളും പരിസ്ഥിതിയും ഗുരുതരവും നികത്താനാവാത്തതുമായ പരിക്കുകൾ നേരിടാനിടയുള്ള പദ്ധതികളും പ്രവർത്തനങ്ങളും പുനഃപരിശോധിക്കുകയും ഒഴിവാക്കുകയും ചെയ്യുക.

9. പ്രാദേശികമായി ലഭ്യമാക്കാവുന്ന സേവനങ്ങളുടെയും ഉത്പ്പന്നങ്ങളുടെയും കാര്യത്തിൽ വൻകിട വ്യവസായങ്ങളെ പൂർണ്ണമായും ഒഴിവാക്കുക.

10. കൈത്തൊഴിൽ കൊണ്ട് സാധ്യമാകുന്ന എല്ലാ പ്രവർത്തന മേഖലകളിലും യന്ത്രങ്ങളുടെ ഉപയോഗം ഒഴിവാക്കുക.

11. ജനങ്ങളുടെ അടിസ്ഥാനപരമായ അവകാശങ്ങൾ, പരിസ്ഥിതി, പ്രകൃതി സംരക്ഷണം എന്നിവ ഉറപ്പുവരുത്താനുള്ള നിയമങ്ങളും സംവിധാനങ്ങളും നടപ്പിലാക്കുക.

12. കൈകൊണ്ടുള്ള ഉത്പ്പന്നങ്ങളുടെയും പ്രവർത്തനങ്ങളുടെയും മേൽ ജി.എസ്.ടി പോലുള്ള നികുതികൾ ഒഴിവാക്കുക. കൃഷി, വനം, മത്സ്യബന്ധനം, കരകൗശല മേഖലകളിലെ ഉത്പ്പന്നങ്ങൾ എന്നിവയ്ക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്തുക. സർക്കാർ ഏജൻസി വഴി മാത്രം വിപണനം തുടങ്ങിയ നിയന്ത്രണങ്ങളും ഒഴിവാക്കുക.

**മേഖല 4 – ആരോഗ്യം**

പ്രശ്നം: ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്ത് സമൂഹങ്ങളുടെ ശാക്തീകരണം

**ഉദാഹരണം 1 : കച്ചിലെ കുമാരിയയിൽ പഞ്ചായത്ത് നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, ഗുജറാത്ത്**

ഗ്രാമസ്വയംഭരണത്തിനു ഊന്നൽ നൽകുന്ന 73-മത് ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഗ്രാമത്തിൽ ഭരണസംവിധാനത്തിൽ മാറ്റം കൊണ്ടുവരാൻ ഏതാനും വർഷങ്ങളായി ശ്രമിക്കുകയാണ് കുമാരിയ ഗ്രാമം. പദ്ധതികളിൽ ജനപങ്കാളിത്തം, വികേന്ദ്രീകൃത തലത്തിൽ തീരുമാനമെടുക്കൽ, സർക്കാർ പദ്ധതികളുടെ ഫലപ്രദമായ പ്രയോഗവത്ക്കരണം, ഗ്രാമവാസികളും സർക്കാർ സംവിധാനവും തമ്മിലുള്ള വിടവുനികത്തൽ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ട് 2017 ൽ ഗ്രാമത്തലവനായി തെരെഞ്ഞെടുക്കപ്പെട്ട സുരേഷ് ചങ്ഗ ഗ്രാമഭരണം ഏറ്റെടുത്തു. ഗ്രാമവാസികളെ ബാധിക്കുന്ന വിഷയങ്ങൾ, പദ്ധതികൾ, ബജറ്റ് തുടങ്ങിയ കാര്യങ്ങൾ യോഗങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ജനങ്ങളെ അറിയിക്കുന്നു. ജനജീവിതത്തിൽ നേരിട്ട് ബന്ധപ്പെട്ട കാര്യങ്ങളിൽ സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്താനാണ് അദ്ദേഹം ശ്രമിച്ചത്. സ്ത്രീകളുടെ അഭിപ്രായങ്ങൾക്കു മുൻഗണന ഉറപ്പാക്കി. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, വനിതാശാക്തീകരണം, ശുചിത്വം, തൊഴിൽ, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ 16,000 വരുന്ന ഗ്രാമീ

⇨ *അവശ്യ സാധനങ്ങളുടെ വിതരണത്തിനായി നിശ്ചിത വ്യാപാരികളെ മാത്രമാണ് ഗ്രാമത്തിൽ പ്രവേശിപ്പിച്ചിരുന്നത്* ⇨

ണരെ ബോധവത്ക്കരിക്കാൻ 115 കർമ്മഭടന്മാർ രംഗത്തുണ്ട്.

കോവിഡ് രോഗബാധയും വ്യാപനവും സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കാൻ സാമൂഹിക മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിച്ചു. വീടുകൾ തോറും ആരോഗ്യ സർവ്വേ നടത്തി. അവശ്യ സാധനങ്ങളുടെ വിതരണത്തിനായി നിശ്ചിത വ്യാപാരികളെ മാത്രമാണ് ഗ്രാമത്തിൽ പ്രവേശിപ്പിച്ചിരുന്നത്. പഞ്ചായത്ത് നേരിട്ട് 316 കുടുംബങ്ങൾക്ക് ഭക്ഷണം നൽകി. 106 തൊഴിലാളികൾക്ക് ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വഴി ജോലി കണ്ടെത്തി. കോവിഡ് അടച്ചിടലിൽ വീടുകളിൽ തങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസ പരവും തൊഴിൽപരവുമായ വികസനത്തിന് മുതിർന്ന തലമുറയിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി.

ദരിദ്രരായ 87 കുടുംബങ്ങളുടെ സംരക്ഷണത്തിന് ഗ്രാമത്തിലെ സമ്പന്നകുടുംബങ്ങളിൽ നിന്നു സഹായം തേടി. കാഴ്ചശക്തി കുറഞ്ഞവരും മറ്റു ശാരീരിക പ്രശ്നങ്ങൾ ഉള്ളവരുമായി ആളുകൾ, ഒറ്റപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്ക് ഭക്ഷ്യസഹായം, മരുന്നുകൾ, മറ്റ് അടിയന്തിര സഹായങ്ങൾ എന്നിവ നൽകുന്നുമുണ്ട്. കോവിഡ് വ്യാപനം ഗ്രാമത്തിലെത്തിയാൽ അടിയന്തിര സാഹചര്യത്തിൽ രോഗികളെ പാർപ്പിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താനും ഗ്രാമസഭ തീരുമാനിച്ചിട്ടുണ്ട്.

**ഉദാഹരണം 2 : സീത്തിലിംഗയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, തമിഴ്നാട്.**

തമിഴ്നാട്ടിൽ ധർമപുരി ജില്ലയിലെ സീറ്റിലിങ്ങി താഴ്വരയിൽ പ്രവർത്തിക്കുന്ന നോൺ പ്രോഫിറ്റ് സംഘടനയാണ് ട്രൈബൽ ഹെൽത്ത് ഇനിഷ്യറ്റീവ് (ടി.എച്ച്.ഐ). മലവാസി ആദിവാസികൾ എന്നറിയപ്പെടുന്ന പ്രാദേശിക ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയാണ് അവർ പ്രവർത്തിക്കുന്നത്. അവരുടെ സാമൂഹിക സംരംഭങ്ങൾ പ്രാദേശിക ഭരണസംവിധാനത്തിൽ പല മാറ്റങ്ങളുമുണ്ടാക്കിയിട്ടുണ്ട്. ആരോഗ്യ മേഖലയിലാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. കുട്ടികളിലെ പോഷകാഹാരക്കുറവ്, പ്രസവസമയത്തെ സ്ത്രീകളുടെ ആരോഗ്യം എന്നിവ പ്രത്യേകം ശ്രദ്ധിക്കുന്നു. കോവിഡ് നേരിടാൻ ഗ്രാമസഭ നിരവധി വഴികൾ സ്വീകരിച്ചു.

മഹാമാരിയെ സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് വന്നയുടനെ പഞ്ചായത്ത് പ്രസിഡന്റ് മതേശ്വരി അടിയന്തിര യോഗം വിളിച്ചുകൂട്ടി അടിയന്തിര പ്രതിരോധനടപടികൾ ആസൂത്രണം ചെയ്തു. ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ജനങ്ങൾ തിങ്ങികൂടുന്ന എല്ലായിടത്തും സാമൂഹിക അകലം നിർബന്ധിതമാക്കി. ഗ്രാമത്തിലേക്ക് തിരിച്ചെത്തിയ പ്രവാസിതൊഴിലാളികളെ ക്വാറന്റൈന് വിധേയമാക്കി. തുന്നൽക്കാരുടെ സഹായത്തോടെ മുഖാവരണങ്ങൾ നിർമിച്ചു. സോഷ്യൽ മീഡിയ വഴി നിരന്തരം വിവരങ്ങൾ പങ്കുവെച്ചുകൊണ്ടിരിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ആരോഗ്യപരവും മറ്റുമായ അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിൽ ചില നിർദേശങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അടക്കം പ്രാദേശികതലത്തിൽ ആരോഗ്യ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുനിയന്ത്രണത്തിൽ ആരംഭിക്കുക. വ്യത്യസ്ത ചികിത്സാസമ്പ്രദായങ്ങൾക്കു പ്രാതിനിധ്യം നൽകണം. കൂടുതൽ ഉയർന്ന സൗകര്യങ്ങളും സ്പെഷ്യലൈസേഷനും ബ്ലോക്/ജില്ല/സംസ്ഥാന തല ആശുപത്രികളിൽ ഉറപ്പുവരുത്തണം.

2. വിവരങ്ങൾ സുതാര്യമായും എളുപ്പത്തിലും ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന് സാമൂഹികമാധ്യമസൗകര്യങ്ങൾ പരമാവധി ഉപയോഗിക്കണം. വിവിധ പദ്ധതികൾ, നിയമങ്ങളും ചട്ടങ്ങളും, അടിയന്തിര കാര്യങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ എന്നിവയിലൂടെ ജനങ്ങളിൽ എത്തിക്കാൻ കഴിയും.

3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങളുള്ള വ്യക്തികളെയും കുടുംബങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കേണ്ടതാണ്.

4. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചു നടപടികൾ സ്വീകരിക്കണം.

5. സർക്കാർ സേവനങ്ങൾ, വകുപ്പുകൾ തമ്മിലുള്ള മത്സരവും പ്രശ്നങ്ങളും ഒഴിവാക്കി സന്നദ്ധസംഘടനകളും പൊതുസമൂഹ പ്രസ്ഥാനങ്ങളുമായി യോജിപ്പിച്ചു പ്രയോജനപ്പെടുത്താൻ നടപടി എടുക്കണം.

6. ആരോഗ്യം, ഭക്ഷണം, പോഷകങ്ങൾ, ജീവനമാർഗ്ഗങ്ങൾ (കൃഷി, കൈത്തൊഴിലുകൾ, ചെറുകിട സംരംഭങ്ങൾ) എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് ഒരു പൊതു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ശ്രമങ്ങൾ നടത്തണം.

7. കല, സംഗീതം, നൃത്തം, ആരോഗ്യം, ശുചിത്വം തുടങ്ങിയവ സമൂഹത്തിലെ എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ നയങ്ങൾ ആവിഷ്ക്കരിക്കുക; അനുഭവങ്ങളിൽ നിന്നു പഠിക്കുകയും പുതിയ പടങ്ങൾ ഉൾക്കൊള്ളാനുള്ള മനസ്ഥിതി വികസിപ്പിക്കുകയും ചെയ്യുക.■